
എ.വൈ.ആർ

# സൂറ – 30 / അർറൂം

## സൂക്തം: 37 – 40

സമൃദ്ധമായി സമ്പത്ത് നേടുന്ന ചിലയാളുകൾ ഇത് അല്ലാഹുവിന്റെ പ്രീതിക്കൊത്തവണ്ണം കൈകാര്യം ചെയ്യാതെ തന്റെ പണം പിന്നെയും പിന്നെയും കുന്നുകൂടാൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു. പലിശയിലൂടെ അവരുടെ ധനം അന്യരുടെ രക്തം ഊറ്റിക്കുടിച്ചാണ് തടിച്ചു കൊഴുക്കുന്നത്. അത്തരക്കാർ ഓർത്തിരിക്കട്ടെ, ഈ ചൂഷണത്തിലൂടെ ഈ ലോകത്ത് അവരുടെ ധനം മലപോലെ വളർത്താൻ കഴിഞ്ഞേക്കാം. പക്ഷേ, അല്ലാഹുവിന്റെ മുമ്പിൽ ആ ധനത്തിന് യാതൊരു മൂല്യവുമുണ്ടാവുകയില്ല.



أَوَلَمْ يَرَوْا أَنَّ اللَّهَ يَبْسُطُ الرِّزْقَ لِمَن يَشَاءُ وَيَقْدِرُ ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يُؤْمِنُونَ ﴿٣٧﴾

37. അല്ലാഹു ഇഛരിക്കുന്നവർക്ക് വിഭവങ്ങൾ വിപുലീകരിച്ചും അവനിഛരിക്കുന്നവർക്ക് ചുരുക്കിയും കൊടുക്കുന്നത് ജനം കാണുന്നില്ലയോ? സത്യം വിശ്വസിക്കുന്ന ജനത്തിന് അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

**37**

أَوَلَمْ يَرَوْا = അവർ (ജനം) കാണുന്നില്ലയോ?! أَنَّ اللَّهَ = എന്തെന്നാൽ അല്ലാഹു

يَبْسُطُ الرِّزْقَ = (വിപുലീകരിച്ചു) വിഭവം(ങ്ങൾ) വിശാലമാക്കുന്നു لِمَن يَشَاءُ = അവൻ ഇഛരിക്കുന്നവർക്ക്

وَيَقْدِرُ = (അവനിഛരിക്കുന്നവർക്ക് ചുരുക്കിയും കൊടുക്കുന്നത്) ചുരുക്കുകയും ചെയ്യുന്നു

إِنَّ فِي ذَٰلِكَ = തീർച്ചയായും അതിൽ ഉണ്ട് لَآيَاتٍ = പല ദൃഷ്ടാന്തങ്ങൾ തന്നെ

لِّقَوْمٍ يُؤْمِنُونَ = (സത്യം) വിശ്വസിക്കുന്ന ജനത്തിന്

അതായത്, അല്ലാഹു ഇഛരിക്കുന്നവർക്ക് വിഭവങ്ങൾ സമൃദ്ധമായും അവൻ ഇഛരിക്കുന്നവർക്ക് പരിമിതമായും നൽകിക്കൊണ്ടിരിക്കുന്നുവെന്ന യാഥാർഥ്യം ജനങ്ങൾ മനസ്സിലാക്കാത്തതെന്താണ്? അല്ലാഹുവിന്റെ ഇഛ അവന്റെ അപാരമായ ജ്ഞാനത്തിലും യുക്തിയിലും അധിഷ്ഠിതമായിരിക്കും. ഈ യാഥാർഥ്യം മനസ്സിലാക്കുന്നവർക്ക് ക്ഷേമത്തിൽ അഹങ്കരിക്കാനോ ക്ഷാമത്തിൽ നിരാശപ്പെടാനോ ന്യായമില്ല. വിഭവങ്ങളുടെ ഉൽപാദനവും വിതരണവും നിങ്ങളുടെ അധികാരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പരിധിയിൽ മാത്രം ഒതുങ്ങുന്നതാണെങ്കിലേ അതിന്റെ സമൃദ്ധിയിൽ നിങ്ങൾക്ക് അഹങ്കരിക്കാൻ ന്യായമുള്ളൂ. അതില്ലെങ്കിൽ വറ്റാത്ത ശുഭപ്രതീക്ഷയോടെ അവനോടുതന്നെ വീണ്ടും വീണ്ടും ചോദിച്ചുകൊണ്ടേയിരിക്കണം. ക്ഷേമവേളയിൽ അല്ലാഹുവിനോട് നന്ദിയുള്ളവരായിരിക്കുന്നത് എത്രമാത്രം പ്രധാനമാണോ അത്രതന്നെ പ്രധാനമാണ് ക്ഷാമകാലത്ത് അല്ലാഹുവിന്റെ അനുഗ്രഹത്തിൽ പ്രതീക്ഷയർപ്പിച്ച് ക്ഷമ കൈക്കൊള്ളുക എന്നതും. രണ്ടും അല്ലാഹുവിന്റെ പരീക്ഷണമാണ്. ഈ പരീക്ഷയിലെ വിജയപരാജയങ്ങൾ അറിയുക പരലോകത്തെത്തുമ്പോഴാണ്. ഈ യാഥാർഥ്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങൾ കണ്ടെത്താം. പ്രപഞ്ചത്തിലെ സകലമാന കാര്യങ്ങളും ഏകനായ അല്ലാഹുവിന്റെ മാത്രം പരമാധികാരത്തിലാകുന്നു എന്നതിനുള്ളതാണ് ഒന്നാമത്തെ ദൃഷ്ടാന്തം. ജനിമൃതികളിൽ അവനല്ലാത്ത ആർക്കും പങ്കില്ലാത്തതുപോലെ വിഭവവിതരണത്തിലെ വികാസസങ്കോചങ്ങളിലും അവനല്ലാത്ത ആർക്കും ഒരു പങ്കുമില്ല. ക്ഷേമവും ക്ഷാമവും ആരുടെയും സാന്മാർഗികതയുടെയും ധർമനിഷ്ഠയുടെയും ലക്ഷണമല്ല. രണ്ടും പരീക്ഷണമാണ്. പരീക്ഷണത്തിന്റെ ഫലം പ്രത്യക്ഷപ്പെടുക പരലോകത്താണ്. ഭൗതിക ജീവിതത്തിൽ സദാ അല്ലാഹുവിനോടുള്ള കൂറും സഹനവും പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നതാണ് രണ്ടാമത്തെ ദൃഷ്ടാന്തം. ഈ രണ്ടു ഗുണങ്ങളാണ് മനുഷ്യന്റെ അത്യുന്നതമായ ഇതര ഗുണങ്ങളുടെയെല്ലാം ഉറവിടം. ഖുർആൻ മറ്റിടങ്ങളിൽ ഇതെല്ലാം വിശദീകരിച്ചുകഴിഞ്ഞിരിക്കുന്നു. ●

فَآتِ ذَا الْقُرْبَىٰ حَقَّهُ وَالْمِسْكِينَ وَابْنَ السَّبِيلِ ۚ ذَٰلِكَ خَيْرٌ لِّلَّذِينَ يُرِيدُونَ وَجْهَ اللَّهِ ۖ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٣٨﴾

38. ആകയാൽ നീ കുടുംബബന്ധമുള്ളവർക്ക് അവരുടെ അവകാശം കൊടുക്കണം. അഗതികൾക്കും ദേശാടകർക്കും അവരുടെ അവകാശവും. അതാകുന്നു ദൈവപ്രീതി കാംക്ഷിക്കുന്നവർക്ക് ശ്രേഷ്ഠമായിട്ടുള്ളത്. അവർ തന്നെയാകുന്നു ജീവിതസാഫല്യം നേടുന്നവർ.

**38**

فَآتِ = ആകയാൽ നീ കൊടുക്കണം ذَا الْقُرْبَىٰ = കുടുംബ ബന്ധമുള്ളവ(ർക്ക്)ന്ന്
حَقَّهُ = അവ(രുടെ)ന്റെ അവകാശം وَالْمِسْكِينَ = അഗതി(കൾ)ക്കും
وَابْنَ السَّبِيلِ = വഴിയുടെ പുത്രന്നും (ദേശാടകർക്കും അവരുടെ അവകാശവും)
ذَٰلِكَ خَيْرٌ = അത് ആകുന്നു ശ്രേഷ്ഠമായിട്ടുള്ളത് لِّلَّذِينَ يُرِيدُونَ = ഉദ്ദേശി(കാംക്ഷി)ക്കുന്നവർക്ക്
وَجْهَ اللَّهِ = അല്ലാഹുവിന്റെ മുഖം (ദൈവപ്രീതി) وَأُولَٰئِكَ هُمُ = അവർ തന്നെയാകുന്നു
الْمُفْلِحُونَ = വിജയിക്കുന്നവർ, (ജീവിത) സാഫല്യം നേടുന്നവർ

കഴിഞ്ഞ 31-ാം സൂക്തം പ്രകൃതിധർമത്തിന്റെ دين الفطرة പ്രാഥമിക സ്തംഭമായി നമസ്കാരത്തെ പരാമർശിച്ചുവല്ലോ. അതിനുശേഷം സുപ്രധാനമായ മറ്റു ചില കാര്യങ്ങൾ ഉണർത്തി. ഒടുവിൽ ഉണർത്തിയത് വിഭവസമൃദ്ധിയെ ഉപ്പ-ഉപ്പാപ്പമാരുടെ അനന്തരാവകാശമായി മാത്രം ലഭിച്ചതാണെന്നോ സ്വന്തം യോഗ്യതകൾ കൊണ്ടും സാമർഥ്യം കൊണ്ടും മാത്രം നേടിയതാണെന്നോ കരുതി അഹങ്കരിച്ചുകൂടെന്നും, മറിച്ച് എല്ലാം വിധാതാവിന്റെ ഔദാര്യമായി കരുതി അവനോട് നന്ദിയും കൂറുമുള്ളവരായി വർത്തിക്കുകയാണ് വേണ്ടതെന്നുമാണ്.

അല്ലാഹുവിനോട് നന്ദിയും കൂറും പ്രകടിപ്പിക്കേണ്ടതെങ്ങനെയാണെന്ന് പറഞ്ഞുതരികയാണീ സൂക്തം. ധനത്തിൽ നിന്ന് ബന്ധുജനങ്ങൾക്കും പാവങ്ങൾക്കും അഭയാർഥികൾക്കുമൊക്കെ അവരുടെ അവകാശം നൽകുകയാണ് അതിനുള്ള വഴിയായി ഇവിടെ എടുത്തു പറയുന്നത്. അവകാശം, ബാധ്യത, അർഹത എന്നൊക്കെയാണ് ഈ സന്ദർഭത്തിൽ حق-ന്റെ താൽപര്യം. അല്ലാഹു ധനസമൃദ്ധികൊണ്ട് അനുഗ്രഹിച്ചവരുടെ ധനത്തിൽ മറ്റു പലർക്കും അവകാശമുണ്ടെന്ന ആശയമാണതിൽ പ്രകാശിതമാകുന്നത്. സമ്പന്നരുടെ സമ്പത്ത് അല്ലാഹു അവരെ സൂക്ഷിക്കാനേൽപിച്ച അമാനത്താണ്. അത് അവകാശപ്പെട്ടവർക്കെല്ലാം പങ്കുവെക്കുക അവരുടെ ഉത്തരവാദിത്തമാകുന്നു. അതിൽ വീഴ്ചവരുത്തുന്നത് അവകാശലംഘനമാകുന്നു. അല്ലാഹുവിന്റെ പ്രീതി തേടുന്നവർ സമ്പത്തിനോട് സ്വീകരിക്കേണ്ടത് ഈ സമീപനമാണെന്നും ഇതാണ് പരലോകത്ത് വിജയം നേടിത്തരുന്ന സമീപനമെന്നുമാണ് ഉണർത്തുന്നത്. സമ്പത്തിനെ അഹങ്കരിക്കാനോ പ്രതാപം പ്രകടിപ്പിക്കാനോ, അല്ലെങ്കിൽ ആർഭാട ജീവിതം നയിക്കാനോ വെറുതെ കുന്നുകൂട്ടിവെക്കാനോ മാത്രമുള്ളതായി സമീപിക്കുന്നവരുടെ ധനം അല്ലാഹുവിങ്കൽ അവരുടെ കൊടിയ നാശത്തിന്റെയും മഹാനഷ്ടത്തിന്റെയും നിമിത്തമായിത്തീരുന്നു. ●

---

وَمَا آتَيْتُم مِّن رِّبًا لِّيَرْبُوَ فِي أَمْوَالِ النَّاسِ فَلَا يَرْبُو عِندَ اللَّهِ ۖ وَمَا آتَيْتُم مِّن زَكَاةٍ تُرِيدُونَ وَجْهَ اللَّهِ فَأُولَٰئِكَ هُمُ الْمُضْعِفُونَ ﴿٣٩﴾

39. ആളുകളുടെ ധനത്തിൽ ചേർന്ന് വളരുന്നതിനു വേണ്ടി നിങ്ങൾ പലിശയായി നൽകുന്നതുണ്ടല്ലോ, അല്ലാഹുവിങ്കൽ അതു വളരുന്നില്ല. എന്നാൽ നിങ്ങൾ ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് ദാനമായി നൽകുന്നതോ, അത്തരക്കാർ ആകുന്നു യഥാർഥത്തിൽ സമ്പത്ത് വളർത്തുന്നവർ.

**39**

وَمَا آتَيْتُم مِّن رِّبًا = പലിശയാ(യി)ൽ നിങ്ങൾ നൽകുന്നത് (ഉണ്ടല്ലോ)
لِّيَرْبُوَ = വളരുന്നതിനുവേണ്ടി فِي أَمْوَالِ النَّاسِ = ആളുകളുടെ ധനത്തിൽ (ചേർത്ത്)
فَلَا يَرْبُو = അത് വളരുന്നില്ല عِندَ اللَّهِ = അല്ലാഹുവിന്റെ അടുക്കൽ
وَمَا آتَيْتُم مِّن زَكَاةٍ = എന്നാൽ നിങ്ങൾ ദാന(മായി)ത്താൽ നൽകുന്നത്(തോ)
تُرِيدُونَ وَجْهَ اللَّهِ = നിങ്ങൾ അല്ലാഹുവിന്റെ മുഖം ഉദ്ദേശിച്ച് (ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട്)
فَأُولَٰئِكَ هُمُ = തീർച്ചയായും അക്കൂട്ടർ (യഥാർഥത്തിൽ അത്തരക്കാരാകുന്നു)
الْمُضْعِفُونَ = ഇരട്ടിപ്പിക്കുന്നവർ (സമ്പത്ത് വളർത്തുന്നവർ)

പലിശനിരോധം സംബന്ധിച്ച് ഖുർആനിന്റെ പ്രഥമ പ്രസ്താവനയാണിത്. ശിർക്കിനെ പൂർണമായി വർജിച്ച് പ്രകൃതിധർമത്തോട് നിഷ്കളങ്കമായ പ്രതിബദ്ധത പുലർത്തുന്ന വിശ്വാസികൾ പലിശയിടപാടിൽ ഏർപ്പെടുന്നത് അഭികാമ്യമല്ല എന്നു മാത്രമേ ഇതിൽ പറയുന്നുള്ളൂ. പുരാതന കാലം മുതലേ പണക്കാർ സ്വീകരിച്ചുവരുന്ന ഒരു ചൂഷണോപാധിയാണ് പലിശ. ഖുർആൻ അവതരിക്കുന്ന കാലത്ത് ഖുറൈശികൾക്കിടയിലും ഈ ചൂഷണം കൊടികുത്തിവാണിരുന്നു. സാമ്പത്തിക വ്യവഹാരത്തിന്റെ മുഖ്യ മാധ്യമങ്ങളിലൊന്നായിരുന്ന പലിശയെ ഒറ്റയടിക്ക് നിരോധിക്കുക പ്രായോഗികമായിരുന്നില്ല. മദ്യനിരോധനത്തിലെന്നപോലെ ആളുകളുടെ വിചാരഗതിയിലും കർമരീതിയിലും അനുകൂലമായ മാറ്റങ്ങളുണ്ടാക്കേണ്ടതുണ്ടായിരുന്നു. ആ വഴിക്കുള്ള ആദ്യ ചുവടുവെയ്പ്പാണ് ഈ പ്രസ്താവന. ഹിജ്റക്കുശേഷം *അൽ അഅ്റാഫ്* 130-ാം സൂക്തത്തിലൂടെ ഇരട്ടിയിരട്ടിയായി കൊടും പലിശ വാങ്ങുന്നതും കൊടുക്കുന്നതും നിരോധിച്ചു. പിന്നീട് *അൽബഖറ* 275-279 സൂക്തങ്ങളിൽ എല്ലാവിധ പലിശയിടപാടുകളും സമ്പൂർണമായി നിരോധിച്ചു. പലിശയിടപാടിന്റെ ദോഷങ്ങളും അതുമായി ബന്ധപ്പെട്ട വിധികളും *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ ചർച്ചചെയ്തിരിക്കുന്നു. പ്രകൃതിധർമത്തോട് നിഷ്കളങ്കമായ പ്രതിബദ്ധത പുലർത്തുന്നവർ സമ്പത്ത് കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്ന് നിർദേശിച്ചശേഷം ബഹുദൈവ മതങ്ങളുടെ വാഹകർ സാമ്പത്തികരംഗത്ത് അനുവർത്തിക്കുന്ന അധാർമിക സമ്പ്രദായത്തെക്കുറിച്ച് ഉണർത്തുകയാണ് ഈ സൂക്തം.

പലിശക്ക് കടം കൊടുക്കുന്നതിനും കടത്തിന്മേൽ ഈടാക്കുന്ന പലിശക്കും സാങ്കേതികമായി ربا എന്നു പറയുന്നു. ഭാഷയിൽ ഈ പദത്തിന് വളർച്ച, വർധന, ഉയർച്ച എന്നീ അർഥങ്ങളുമുണ്ട്. ഈ അർഥങ്ങളെ ആധാരമാക്കി ഇവിടത്തെ ربا -ക്ക് ചില ആളുകൾ സമ്മാനം, പാരിതോഷികം, സംഭാവന എന്നിങ്ങനെ അർഥം കൽപിക്കുന്നുണ്ട്. ഇതുപ്രകാരം ആളുകളുടെ ധനത്തിൽ ചേർന്ന് നിങ്ങളുടെ ധനം വർധിക്കുന്നതിനുവേണ്ടി നൽകുന്ന കാഴ്ചദ്രവ്യങ്ങളും പാരിതോഷികങ്ങളുമാണ് وَمَا آتَيْتُم مِّن رِّبًا لِّيَرْبُوَ فِي أَمْوَالِ النَّاسِ എന്ന വാക്യം കൊണ്ട് വിവക്ഷിക്കുന്നത്. അതായത് കൂടുതൽ തിരിച്ചുകിട്ടുമെന്ന് ആഗ്രഹിച്ചുകൊണ്ടും പ്രതീക്ഷിച്ചുകൊണ്ടും നിങ്ങളുടെ സമ്പത്തിൽ അവകാശമില്ലാത്തവർക്ക് സംഭാവനകളും കാഴ്ചകളും നൽകുന്നതുകൊണ്ട് നിങ്ങൾക്ക് ലാഭമുണ്ടാക്കാൻ കഴിഞ്ഞേക്കാം. പക്ഷേ, പരലോകത്ത് അത്തരം ദാനം കൊണ്ട് ഒരു നേട്ടവും ഉണ്ടാകുന്നില്ല. കൂടുതൽ കിട്ടാൻ വേണ്ടി ഔദാര്യം ചെയ്യരുത് - وَلَا تَمْنُن تَسْتَكْثِرُ എന്ന് മറ്റൊരിടത്ത് ഖുർആൻ കൽപിക്കുന്നുണ്ട്. കാര്യസാധ്യത്തിനുവേണ്ടി പ്രീണിപ്പിക്കാൻ സമ്മാനങ്ങളും സംഭാവനകളും നൽകുന്നതും ഇതിൽപെടുന്നു. ഇതൊന്നും നിഷിദ്ധമല്ലെങ്കിലും അല്ലാഹുവിങ്കൽ പ്രതിഫലാർഹമായ ദാനമാകുന്നില്ല എന്നാണ് ഉണർത്തുന്നത്. ഇബ്നു അബ്ബാസ്, ഖതാദ, ശഅബി, മുജാഹിദ് തുടങ്ങിയ പ്രഗത്ഭരായ പല പൂർവസൂരികളും സ്വീകരിച്ചിട്ടുള്ളതാണെങ്കിലും ഈ വ്യാഖ്യാനം തെറ്റാണെന്നാണ് ഹസൻ ബസ്വരി, സുദ്ദി തുടങ്ങിയ പൂർവപണ്ഡിതന്മാരുടെയും ആധുനിക മുഫസ്സിറുകളിൽ അധിക പേരുടെയും നിലപാട്. കൂടുതൽ പ്രബലമായ അവരുടെ വ്യാഖ്യാനം ഇവിടെ ഉദ്ദേശിക്കുന്ന ربا കടത്തിന് ഈടാക്കുന്ന പലിശയാകുന്നു എന്നാണ്. زَكَاةٍ സാങ്കേതികമായി നിർബന്ധ ദാനമാണ്. ചിലപ്പോൾ സാധാരണ صدقة -ക്കും ഉപയോഗിക്കും; صدقة സകാത്തിന് ഉപയോഗിക്കുന്നതുപോലെ. ഇവിടെ ഉദ്ദേശ്യം സാധാരണ ദാനമാണ്. സമൃദ്ധമായി സമ്പത്ത് നേടുന്ന ചിലയാളുകൾ ഇത് അല്ലാഹുവിന്റെ പ്രീതിക്കൊത്തവണ്ണം കൈകാര്യം ചെയ്യാതെ തന്റെ പണം പിന്നെയും പിന്നെയും കുന്നുകൂടാൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു. പലിശയിലൂടെ അവരുടെ ധനം അന്യരുടെ രക്തം ഊറ്റിക്കുടിച്ചാണ് തടിച്ചുകൊഴുക്കുന്നത്. അത്തരക്കാർ ഓർത്തിരിക്കട്ടെ, ഈ ചൂഷണത്തിലൂടെ ഈ ലോകത്ത് അവരുടെ ധനം മലപോലെ വളർത്താൻ കഴിഞ്ഞേക്കാം. പക്ഷേ, അല്ലാഹുവിന്റെ മുമ്പിൽ ആ ധനത്തിന് യാതൊരു മൂല്യവുമുണ്ടാവുകയില്ല. അവിടെ അവർക്ക് അവരുടെ സമ്പത്തുകൊണ്ട് ഒരു പ്രയോജനവുമുണ്ടായില്ലല്ലോ, എന്റെ അധികാരങ്ങളൊക്കെയും നശിച്ചുപോയല്ലോ- مَا أَغْنَىٰ عَنِّي مَالِيَهْ ﴿٢٨﴾ هَلَكَ عَنِّي سُلْطَانِيَهْ ﴿٢٩﴾ എന്ന് വിലപിക്കേണ്ടിവരും. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവൻ നിർദേശിച്ച കാര്യങ്ങളിൽ ചെലവഴിക്കുന്ന സമ്പത്ത് മാത്രമേ അല്ലാഹുവിങ്കൽ വളർന്നു വലുതാവുകയും പ്രയോജനപ്പെടുകയും ചെയ്യൂ.

പലിശവ്യാപാരിയുടെ മുതലിനെ അന്യരുടെ വിള തീറ്റി വളർത്തുന്ന കാലികളോട് ഉപമിച്ചിരിക്കുകയാണ് ഈ സൂക്തം. അതിന്റെ തടിപ്പിലും കൊഴുപ്പിലും നന്മയും ഐശ്വര്യവുമില്ല. സ്വന്തം മേച്ചിൽപുറത്ത് മേഞ്ഞു വളരുകയും പിന്നെ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് അവൻ കൽപിച്ച ബാധ്യതകൾ തീർക്കുകയും ചെയ്യുമ്പോഴാണ് ഇഹത്തിലും പരത്തിലും നിങ്ങളുടെ ധനം വളരുന്നതും അനുഗൃഹീതമാകുന്നതും. ഈ വളർച്ച എങ്ങനെയാണെന്ന് ഖുർആൻ മറ്റു സ്ഥലങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്.

ഭാവിയെ കരുതിയാണ് ആളുകൾ പൊതുവിൽ ധനം ശേഖരിച്ചുവെക്കുന്നത്. പക്ഷേ, മനുഷ്യർ തീരെ സങ്കുചിതമായിട്ടാണ് ഭാവിയെ കാണുന്നത്. തന്റെ അന്നത്തെ ദിവസത്തിനുശേഷം മരണം വരെയുള്ള സമയമാണവർക്ക് ഭാവി. അതിനപ്പുറം ഭാവിയില്ല. മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നവർപോലും അത് തങ്ങളുടെ ഭാവി ജീവിതമായി കാണുന്നില്ല. എന്നാൽ സാക്ഷാൽ ഭാവി ഈ കാണാൻ മടിക്കുന്ന പരലോകമാകുന്നു. എന്നാൽ നിങ്ങൾ സമ്പാദിച്ചതിന്റെയെല്ലാം ശാശ്വതമായ ഗുണദോഷങ്ങൾ അനുഭവിക്കേണ്ടത് ആ ഭാവിയിലാണ്. ഭൗതികലോകത്തെ ബാങ്കുകളിലുള്ള നിക്ഷേപം എത്രതന്നെ കനത്തതാണെങ്കിലും ഈ ലോകത്തോട് വിടപറയുന്നതോടെ അതൊന്നും നിങ്ങളുടേതല്ലാതാകുന്നു. അല്ലാഹുവിന്റെ ബാങ്കിൽ നിക്ഷേപിക്കുന്നതാകട്ടെ എന്നെന്നും നിലനിൽക്കുക മാത്രമല്ല, വളർന്നുകൊണ്ടിരിക്കുകയും അനന്തമായ പാരത്രിക ജീവിതത്തിൽ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും.

ഇവിടെ ഒരു സംഗതി അനുസ്മരണീയമാകുന്നു: ഒരു വ്യാപാരി അനുവദനീയമായ വ്യാപാരത്തിൽ മുതലിറക്കി തന്റെ സമ്പത്ത് വികസിപ്പിക്കുന്നതും പലിശക്കാരൻ ആവശ്യക്കാർക്ക് കൊടുക്കുന്ന കടത്തിന്മേൽ പലിശ ചുമത്തി വികസിപ്പിക്കുന്നതും തമ്മിൽ അടിസ്ഥാനപരമായ അന്തരമുണ്ട്. കച്ചവടക്കാരൻ പലതരം പ്രതികൂല ഘടകങ്ങളെയും നഷ്ടസാധ്യതകളെയും നേരിട്ടുകൊണ്ട് ഏറെ പ്രയത്നിച്ചാണ് സമ്പത്ത് വർധിപ്പിക്കുന്നത്. പലിശക്കാരൻ അത്തരം ഒരു വെല്ലുവിളിയും നേരിടേണ്ടതില്ല. വെറുതെ വീട്ടിലിരുന്ന് കടക്കാരുടെ ആവശ്യത്തെയും അധ്വാനത്തെയും ചൂഷണം

ചെയ്തിട്ടാണ് അയാൾ തടിച്ചുകൊഴുക്കുന്നത്. അതുകൊണ്ടാണ് ഇസ്‌ലാം കച്ചവടക്കാരുടെ സാമ്പത്തിക വികാസത്തെ അനുഗൃഹീതമായും ഹുണ്ടികക്കാരന്റെ പണപ്പെരുപ്പത്തെ നാശകരവും നിഷിദ്ധവുമായും പ്രഖ്യാപിച്ചത്. ●

---

اللَّهُ الَّذِي خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ هَلْ مِن شُرَكَائِكُم مَّن يَفْعَلُ مِن ذَٰلِكُم مِّن شَيْءٍ سُبْحَانَهُ وَتَعَالَىٰ عَمَّا يُشْرِكُونَ ﴿٤٠﴾

40. അല്ലാഹുവാകുന്നു നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ട് നിങ്ങൾക്കാഹാരം തന്നു. പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുന്നു. ഇനിയവൻ നിങ്ങളെ ജീവിപ്പിക്കുന്നതാകുന്നു. ഈ നടപടികളിലേതെങ്കിലുമൊന്ന് ചെയ്യുന്ന വല്ലവരും നിങ്ങളുടെ പരദൈവങ്ങളിൽ ഉണ്ടോ? അവൻ പരമപരിശുദ്ധനത്രെ. ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതനായ അത്യുന്നതനും.

**40**

اللَّهُ الَّذِي خَلَقَكُمْ = അല്ലാഹു നിങ്ങളെ സൃഷ്ടിച്ചവനാകുന്നു (സൃഷ്ടിച്ചത് അല്ലാഹുവാകുന്നു)

ثُمَّ رَزَقَكُمْ = പിന്നെ (എന്നിട്ട്) അവൻ നിങ്ങൾക്ക് ആഹാരം തന്നു ثُمَّ يُمِيتُكُمْ = പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുന്നു

ثُمَّ يُحْيِيكُمْ = പിന്നെ (ഇനി) അവൻ നിങ്ങളെ ജീവിപ്പിക്കും(ക്കുന്നതാകുന്നു)

هَلْ مِن شُرَكَائِكُم = നിങ്ങളുടെ പങ്കാളികളിൽ (പരദൈവങ്ങളിൽ) ഉണ്ടോ? مَّن يَفْعَلُ = ചെയ്യുന്നവൻ (വല്ലവരും)

مِن ذَٰلِكُم مِّن شَيْءٍ = (ഏതെങ്കിലുമൊന്ന്) ഒരു വസ്തു (ഈ നടപടികളിൽ) അതിൽനിന്ന്

سُبْحَانَهُ = അവൻ (അല്ലാഹു) പരമപരിശുദ്ധനത്രെ وَتَعَالَىٰ = അവൻ ഉന്നതനായിരിക്കുന്നു (അതീതനും അത്യുന്നതനും)

عَمَّا يُشْرِكُونَ = (ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം) അവർ പങ്കുചേർക്കുന്നതിൽനിന്ന്

റോമാ-പേർഷ്യൻ യുദ്ധത്തിൽ പേർഷ്യക്കുണ്ടായ താൽക്കാലിക വിജയത്തെ ആധാരമാക്കി ഖുറൈശികൾ ഇസ്‌ലാമിനും ഏകദൈവവിശ്വാസത്തിനും പരലോക വിശ്വാസത്തിനും എതിരെ പ്രചരിപ്പിച്ച വിമർശനങ്ങളെ വിശദമായി ഖണ്ഡിക്കുകയായിരുന്നു മുൻസൂക്തങ്ങൾ. തുടർന്ന് പ്രവാചകനെയും ശിഷ്യന്മാരെയും പരാജയപ്പെടുത്താൻ ആസുരമായി പരിശ്രമിക്കുന്ന സത്യനിഷേധികളെ ഗൗരവപൂർവം താക്കീതു ചെയ്യുകയും മുസ്‌ലിംകൾക്ക് സുവിശേഷം നൽകുകയുമാണ്. പ്രവാചക സന്ദേശത്തിനെതിരെയുള്ള സമരം സ്വന്തം പ്രകൃതിക്കെതിരെയുള്ള സമരമാണെന്നും പ്രകൃതിപരമായ സാമൂഹിക-സാംസ്കാരിക സംവിധാനങ്ങൾ താറുമാറാവുകയും ഭൂമിയിൽ നാശം പരക്കുകയുമാണ് അതുവഴി സംഭവിക്കുകയെന്നും പ്രകൃതിയുടെ രൂക്ഷമായ തിരിച്ചടിയുടെ രൂപത്തിലുള്ള ദൈവശിക്ഷയായിരിക്കും അതിന്റെ അനന്തര ഫലമെന്നുമാണ് താക്കീത്. വിശ്വാസികൾക്കുള്ള സുവിശേഷം ഇതാണ്: നിലവിലെ സാഹചര്യങ്ങളുടെ പ്രാതികൂല്യം കണ്ട് പ്രവാചകനും സഖാക്കളും ഭഗ്നാശരാവേണ്ട. അല്ലാഹു ആരെയെങ്കിലും അനുഗ്രഹിക്കാൻ തീരുമാനിച്ചാൽ അവന്റെ അഗോചരമായ നടപടികൾ ഏതു പ്രതികൂല സാഹചര്യത്തെയും അനുകൂലമാക്കി മാറ്റുമെന്നത് പ്രാപഞ്ചിക പ്രതിഭാസങ്ങൾ സാക്ഷ്യപ്പെടുത്തുന്ന യാഥാർഥ്യമാണ്. അതുകൊണ്ട് സത്യത്തിനെതിരെ അന്ധമായി ചന്ദ്രഹാസമിളക്കുന്നവരെ അവഗണിച്ച് സത്യവിശ്വാസികൾ പ്രകൃതിധർമത്തിന്റെ - دين الفطرة- പാതയിൽ ഉറച്ച കാൽവെപ്പുകളോടെ മുന്നേറിക്കൊണ്ടിരിക്കണം. അവിശ്വാസികളുടെ സാങ്കൽപിക ദൈവങ്ങൾക്കൊന്നും അവരുടെ ശിരസ്സിൽ പതിക്കാൻ പോകുന്ന ശിക്ഷയിൽനിന്ന് അവരെ രക്ഷിക്കാനാവില്ല. അതുപോലെ വിശ്വാസികളുടെ വിജയത്തെ അൽപവും തടഞ്ഞുനിർത്താനുമാവില്ല. ഈ താക്കീതിന്റെയും സുവിശേഷത്തിന്റെയും മുഖവുരയാണീ സൂക്തം.

അല്ലാഹുവിന്റെ ഏകത്വത്തെയും മരണാനന്തര ജീവിതത്തെയും നിഷേധിക്കുന്ന ബഹുദൈവ വിശ്വാസികളോട് ചോദിക്കുകയാണ്: നിങ്ങളെ സൃഷ്ടിക്കുന്നത് അല്ലാഹു. ആഹാരം തരുന്നതും അല്ലാഹു. ഇനിയവൻ നിങ്ങളെ മരിപ്പിക്കും. ജനിപ്പിക്കുകയും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന അല്ലാഹുവിന് മരണാനന്തരം വീണ്ടും നിങ്ങളെ ജീവിപ്പിക്കാൻ കഴിയും. നിങ്ങൾ ആരാധിക്കുന്ന ബഹുദൈവങ്ങളിലാർക്കെങ്കിലും ഇപ്പറഞ്ഞ കാര്യങ്ങളിലേതെങ്കിലുമൊന്ന് ചെയ്യാൻ കഴിയുമോ? കഴിയുമെന്നു പറയാൻ അവർക്കു സാധിക്കുകയില്ല. തങ്ങളുടെ പ്രാർഥനയും നേർച്ചയും വഴിപാടും സ്വീകരിച്ച് ആപത്തകറ്റുകയും ആഗ്രഹങ്ങൾ സഫലമാക്കുകയും ചെയ്യുന്നവരായിട്ടേ അവർ ദേവീദേവന്മാരെ കാണുന്നുള്ളൂ. പ്രപഞ്ചത്തിന്റെ സൃഷ്ടിയും പരിപാലനവും അല്ലാഹുവിന്റെ -പരമേശ്വരന്റെ മാത്രം കാര്യമാണ്. അപാരമായ ഈ അണ്ഡകടാഹം ഒറ്റക്ക് സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹുവിന് നിങ്ങളെപ്പോലുള്ള കൊച്ചു സൃഷ്ടികളുടെ പരിപാലനത്തിന് ഉപദൈവങ്ങളുടെ സഹായം വേണമെന്നാണോ പറയുന്നത്? എന്നാൽ അല്ലാഹു പരമപരിശുദ്ധനും മൂഢജനങ്ങൾ ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതനായ അത്യുന്നതനുമാകുന്നു. ●